**പോലീസ് വകുപ്പ്**

**കേരളം**


**No. G2-20372/2016/KAP-I**

കേരള ആംഡ് പോലീസ് ബറ്റാലിയൻ-I,

തൃശ്ശൂർ

cmdtkap1.pol@kerala.gov.in

04872328309


തീയതി. 09-02-2018

**ലേലപരസ്യം**

കെ.എ.പി ഒന്നാം ബറ്റാലിയനിലെ **എ** കമ്പനി മെസ്സ് കെട്ടിടം (കെട്ടിട നമ്പർ: 942) 05/03/2018 തിയ്യതിയിൽ രാവിലെ 11 മണിക്ക് തൃശ്ശൂർ രാമവർമ്മപുരത്തുള്ള ബറ്റാലിയൻ ആസ്ഥാനത്ത് വച്ച് പരസ്യമായി ലേലം ചെയ്തു പൊളിച്ചു നീക്കുന്നതിന് തീരുമാനിച്ചിരിക്കുന്നു.

ലേലത്തിൽ പങ്കെടുക്കുവാൻ ആഗ്രഹിക്കുന്നവർ ലേല സ്ഥലത്ത് നേരിട്ട് ഹാജരാകേണ്ടതും, ലേലം തുടങ്ങുന്നതിനു ഒരു മണിക്കൂർ മുൻപായി നിരത ദ്രവ്യമായി ₹ 4,500/- (നാലായിരത്തി അഞ്ഞൂറു രൂപ മാത്രം) കെട്ടി വച്ച് ലേലത്തിൽ പങ്കു കൊള്ളേണ്ടതുമാണ്. കൂടാതെ സീൽ ചെയ്ത ദർഘാസുകൾ നേരിട്ടോ തപാൽ മാർഗ്ഗമോ നിശ്ചിത നിരത ദ്രവ്യമായ സംഖ്യ, കെ.എ.പി ഒന്നാം ബറ്റാലിയൻ, കമാണ്ടൻറിന്റെ പേരിൽ അടച്ച ഡിമാൻറ് ഡ്രാഫ്റ്റ്സഹിതം 03/03/2018 ന വൈകിട്ട് 3 മണിക്ക് മുൻപ് കെ.എ.പി ഒന്നാം ബറ്റാലിയൻ കമാണ്ടൻറിൻറെ കാര്യാലയത്തിൽ സമർപ്പിക്കേണ്ടതാണ്. ദർഘാസ് അടങ്ങിയ കവറിനു പുറത്ത് "പോലീസ് ഡിപ്പാർട്ട്മെൻറ് വക കെ.എ.പി ഒന്നാം ബറ്റാലിയൻ, **എ** കമ്പനി മെസ്സ് കെട്ടിടം (കെട്ടിട നമ്പർ: 942) ലേലം ചെയ്തു വാങ്ങുന്നതിനുള്ള ദർഘാസ്" എന്നു വ്യക്തമായി എഴുതേണ്ടതാണ്. ദർഘാസ് സമർപ്പിച്ചിട്ടുള്ളവരെല്ലാം ലേല സമയത്ത് നേരിട്ട് ഹാജരാകേണ്ടതാണ്.

പരസ്യ ലേലം കഴിഞ്ഞാൽ ഉടൻ ദർഘാസ് അടങ്ങിയ കവറുകൾ തുറക്കുന്നതും കൂടിയ തുകയ്ക്ക് ലേലം കൊണ്ടയാൾക്ക് ലേലം താൽക്കാലികമായി സ്ഥിരപ്പെടുത്തി നൽകുന്നതുമാണ്. ലേലം താൽക്കാലികമായി സ്ഥിരപ്പെടുത്തിയ വ്യക്തി ലേല തുകയുടെ പകുതി (നികുതിയുൾപ്പെടെ) ലേല സ്ഥലത്ത് വച്ച് തന്നെ അടച്ച് രസീത് കൈപ്പറ്റേണ്ടതാണ്. ലേലം സ്ഥിരപ്പെടുത്തിയതായുള്ള അറിയിപ്പ് ലഭിച്ചുകഴിഞ്ഞാൽ പത്തു ദിവസത്തിനകം ലേലം കൈക്കൊണ്ടയാൾ മുഴുവൻ തുകയും അടച്ച് സ്വന്തം ചെലവിൽ കെട്ടിടങ്ങൾ പൊളിച്ചു നീക്കം ചെയ്യേണ്ടതാണ്.

ഏതെങ്കിലും കാരണവശാൽ ലേലം സ്ഥിരപ്പെടുത്തി കിട്ടുന്നയാൾ ലേല നിബന്ധനകൾ ലംഘിക്കുകയാണെങ്കിൽ ടിയാൻ അടച്ച തുക സർക്കാരിലേക്ക് മുതൽ കൂട്ടുന്നതും, ടി കെട്ടിടങ്ങൾ പുനർ ലേലം ചെയ്യുന്നതുമായിരിക്കും. പുനർ ലേലത്തിൽ സർക്കാരിനുണ്ടായ നഷ്ടം മുൻ ലേലക്കാരനിൽ നിന്നും ഈടാക്കുന്നതും മറിച്ച് കൂടുതലായി ലഭിക്കുന്ന തുകയ്ക്ക് മുൻ ലേലക്കാരന് യാതൊരു വിധ അവകാശമോ അർഹതയോ ഉണ്ടായിരിക്കുന്നതുമല്ല.

ലേലം നിശ്ചയിച്ചിരിക്കുന്ന കെട്ടിടം ലേല തിയ്യതിക്ക് മുൻപുള്ള പ്രവർത്തി ദിനങ്ങളിൽ കെ.എ.പി ഒന്നാം ബറ്റാലിയൻ അസിസ്റ്റൻറ് കാമണ്ടൻറ് (ക്യൂ എം) - ൻറെ മുൻകൂർ അനുമതിയോടുകൂടി പരിശോധിക്കാവുന്നതാണ്. യാതൊരു മുന്നറിയിപ്പോ കാരണമോ കൂടാതെ ലേലം നിർത്തി വയ്ക്കുന്നതിനും, അസ്ഥിരപ്പെടുത്തുന്നതിനും ലേല നടപടിക്രമങ്ങൾ റദ്ദ് ചെയ്യുന്നതിനുള്ള അധികാരം യൂണിറ്റ് കമാണ്ടൻറിൽ നിക്ഷിപ്തമാണ്. ലേലം സംബന്ധിച്ച എല്ലാ സർക്കാർ വ്യവസ്ഥകളും ലേലത്തിന് ബാധകമായിരിക്കും.

പൂങ്കുഴലി ജി

കമാണ്ടൻറ്

സ്വീകർത്താവ് : 1) ഡയറക്ടർ, പബ്ലിക് റിലേഷൻസ് വകുപ്പ്, തിരുവനന്തപുരം. (ആമുഖ കത്ത് സഹിതം) 2) പോലീസ് ഡയറക്ടർ ജനറൽ, എസ്.സി.ആർ.ബി - ക്ക് വെബ് സൈറ്റ് പ്രചാരണത്തിനായി.

(ആമുഖ കത്ത് സഹിതം)

പകർപ്പ് : 1) സംസ്ഥാന പോലീസ് മേധാവി, കേരളം, തിരുവനന്തപുരം - ന് എ.പി.ബറ്റാലിയൻ, എ.ഡിജി.പി മുഖാന്തിരം. (ആമുഖ കത്ത് സഹിതം) 2) ഡയറക്ടർ, കേരള പോലീസ് അക്കാദമി, ഐ.ജി.പി, തൃശ്ശൂർ റെയ്ഞ്ച്. (ആമുഖ കത്ത് സഹിതം) 3) എല്ലാ ജില്ലാ പോലീസ് മേധാവികൾക്കും / കമ്മീഷണർമാർക്കും, ബറ്റാലിയൻ കമാണ്ടൻറ്മാർക്കും പ്രചാരണത്തിനായി. 4) എക്സിക്യൂട്ടീവ് എഞ്ചിനീയർ, പി.ഡബ്ല്യു.ഡി (കെട്ടിട വിഭാഗം), തൃശ്ശൂർ അറിവിലേക്കായി. 5) തൃശ്ശൂർ കോർപ്പറേഷൻ വിൽവട്ടം മേഖല സെക്രട്ടറിക്ക് 5 പകർപ്പുകൾ പ്രചാരണത്തിന്. 6) ട്രാൻസ്പോർട്ട് ഓഫീസർ എന്നിവരുടെ അറിവിലേക്കായി. 7) അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റൻറ്, മാനേജർ, ജൂനിയർ സൂപ്രണ്ട്, കാഷ്യർ, കമാണ്ടന്റിന്റെ സി.എ എന്നിവരുടെ അറിവിലേക്ക്. 8) സ്റ്റോക്ക് ഫയലിലേക്കും, നോട്ടീസ് ബോർഡിലേക്ക്.